**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885** — **14-09-2023 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക സാമ്പത്തിക വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമായ ഒരു വായ്പാ നയം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | നിലവിൽ കേരളാ ബാങ്ക് സ്വയം സഹായ സംഘങ്ങൾ, കൂട്ടുത്തരവാദിത്വ സംഘങ്ങൾ എന്നിവയ്ക്ക് അനുവദിച്ച് നൽകിവരുന്ന വായ്പകൾ പ്രാദേശിക വികസനത്തിന് സഹായകരമാകുന്നതും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുപാർശയോടുകൂടി നൽകി വരുന്ന വായ്പകളുമാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമായ പുതിയ നയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ PACS കൾ എന്നിവയുടെ സഹായത്തോട് കൂടി തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ശുപാർശ നൽകാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങളുടെ വിഭവ ശേഷിയും അധിക വിഭവവും ഉപയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിപ്പെടുത്തുന്ന ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കൺസോർഷ്യം ലെന്റിംഗ് സ്കീം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |
| (സി) | കൃഷി, ക്ഷീര വികസനം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുമോ; | (സി) | കേരളാ ബാങ്കിന്റെ വായ്പാ പദ്ധതികളായ ക്ഷീര മിത്ര KCC, ക്ഷീരമിത്ര MT, FPO (Farmer Producers Organisation) മുഖേനയുള്ള വായ്പകൾ കൃഷി, ക്ഷീര വികസനം തുടങ്ങിയ മേഖലകളുടെ വികസനത്തിനുതകുന്ന വായ്പകളാണ്. കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം PACS as MSC എന്ന പദ്ധതിയും നിലവിലുണ്ട്.<br><br>കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിൻതുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, (വീട്ടു പടിക്കൽ |

| | | | |
|---|---|---|---|
| | | | ശേഖരണം) സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.** ഈ പദ്ധതി നടത്തിപ്പിനായി 2023-24 സാമ്പത്തികവർഷം 3450 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട് |
| (ഡി) | ചെറുകിട വ്യവസായം, ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികാസം എന്നിവയിൽ പ്രാദേശികമായി സംരംഭങ്ങൾ വികസിപ്പിക്കാൻ സഹകരണ സ്ഥാപനങ്ങൾക്കുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | ചെറുകിട വ്യവസായത്തിന്റെ വികസനത്തിനായി കേരളാ ബാങ്ക് വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കുമായി MSME വായ്പകൾ, Micro Food Processing വായ്പകൾ, വനിത സഹകരണ സംഘങ്ങൾ മുഖേനയുള്ള വായ്പകൾ എന്നിവ അനുവദിച്ചുവരുന്നു. വനിതകൾക്കും, വനിത സഹകരണ സംഘങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കായുള്ള ഷീ ടൂവീലർ വായ്പകളും വനിതാ പ്ലസ് ബിസിനസ് വായ്പകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി പ്രാദേശിക സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് ടൂർഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ആദ്യപടിയായി കൊല്ലം വലിയഴീക്കൽ ബീച്ചിൽ ഒരു കോഫി ഷോപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ